വ്യവസായങ്ങളാരംഭിക്കൽ, താങ്ങുവില പ്രഖ്യാപിച്ച് നെല്ല് സംഭരണം, കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണം, നാളികേരം സംഭരിച്ച് സഹകരണ സംഘങ്ങൾ വഴി കൊപ്രയാക്കൽ, നാളികേരാധിഷ്ഠിത വ്യവസായങ്ങളാരംഭിക്കൽ തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

ജപ്തി നടപടി നേരിടുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി നടപടി

23 (*231) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാങ്കുകൾ, സഹകരണ സംഘ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തു കൃഷി നടത്തി വരുന്ന നാളികേരം, റബ്ബർ കൃഷിക്കാരെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർ കടക്കെണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) ജപ്തി നടപടികളും ദുരിതവും നേരിടുന്ന സംസ്ഥാനത്തെ കർഷകരെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ നടപടികളെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കർഷകരിൽ നിന്നും തേങ്ങ, കൊപ്ര, റബ്ബർ, എന്നിവയുടെ സംഭരണം വ്യാപിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൃഷി വകുപ്പ് നടത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കാനായി സർക്കാർ, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവിലയ്ക്ക് തുല്യമായ വിലയ്ക്ക് തേങ്ങയുടെ വില പ്രഖ്യാപിച്ച് തേങ്ങയും കൊപ്രയും സഹകരണ സംഘങ്ങൾ മുഖേന സംഭരണം നടത്തി വരുന്നു. റബ്ബറിനു മാർക്കറ്റ് വിലയേക്കാൾ 50 പൈസ കിലോയ്ക്ക് കൂടുതൽ നൽകി സംഭരണം തുടരുന്നു. കൂടുതൽ റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര സർക്കാർ 2000-2001 വർഷക്കാലത്ത് ക്വിന്റലൊന്നിന് 3250 രൂപ നിരക്കിൽ മിൽ കൊപ്രയ്ക്കും ഉണ്ട കൊപ്രയ്ക്ക് 3500 രൂപ നിരക്കിലും താങ്ങുവില നിശ്ചയിച്ച് നാഫെഡ് അവരുടെ ഏജൻസികളായ കേരഫെഡ്, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവ മുഖേന കൊപ്ര സംഭരണം നടത്തി വരുന്നു. കൊപ്രയുടെ തറവിലയ്ക്ക് അനുസൃതമായ വില നിശ്ചയിച്ച് നാഫെഡ് കർഷകരിൽ നിന്നും നാളികേരം സംഭരിക്കണം. അതിനാവശ്യമായ സഹായങ്ങൾ നൽകുന്നതാണ്. മാർക്കറ്റ് വിലയേക്കാൾ 50 പൈസ കൂടുതൽ നൽകി റബ്ബർ സംഭരണം നടത്തുന്നു. 15000 ത്തോളം ടൺ റബ്ബർ കയറ്റുമതി ചെയ്തു. 75000 ടൺ വിവിധയിനം റബ്ബർ കയറ്റുമതി ചെയ്യാനും കൂടി റബ്കോ, മാർക്കറ്റ് ഫെഡ്, എസ്.റ്റി.സി. എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നികുതിയിതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി

24 (*232) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതിയിതര വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി ധനകാര്യ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സെൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) കൂടുതൽ നിർദ്ദേശങ്ങൾ പരിഗണനയിൽ ഉണ്ടോ ;

(എഫ്) എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ;

(ജി) കഴിഞ്ഞ 4 വർഷങ്ങളിൽ നികുതിയിതര വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 6-8-1997 -ലെ സ.ഉ. (പി) 668/97/ ധന പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചപ്പോൾ അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്തു.

(ബി) 20-5-1998-ലെ സ.ഇ. (ആർ.ടി) നം. 3744/95/പൊ.ഭ. പ്രകാരം ധനകാര്യ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly